**“ഭരണഭാഷ മാതൃഭാഷ”**

നമ്പർ റ്റി 1/102172/2019/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം , വികാസ് ഭവൻ
തിരുവനന്തപുരം-33
തീയതി: 2/11/2019

**സർക്കുലർ**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് :- ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് -2019 സ്കോളർഷിപ്പിന്റെ സമയപരിധി ദീർഘിപ്പിച്ചത്-സംബന്ധിച്ച്.

സൂചന:- കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ നിന്നും ലഭിച്ച 1-11-2019 -തീയതിയിലെ ഇ-മെയിൽ

കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം കേരളത്തിലെ മുസ്ലീം, ക്രിസ്ത്യൻ , സിഖ്, ജൈന, പാഴ്സി, ബുദ്ധ സമുദായങ്ങളിലെ പ്ലസ് വൺ മുതൽ പി.എച്ച്.ഡി. വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു നൽകുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസിന് വിദ്യാർത്ഥികൾക്ക് ഫ്രഷ്, റിന്യൂവൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി **2019 നവംബർ 15-ാം** തീയതി വരെ ദീർഘിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ കുടുംബവാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയരുത്. അപേക്ഷകർ ഗവൺമെന്റ്/എയ്ഡഡ് അംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ ഹയർ സെക്കന്ററി , ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം , എം.ഫിൽ, പി.എച്ച്.ഡി.കോഴ്സുകളിൽ പഠിക്കുന്നവരായിരിക്കണം.

എൻ.സി.വി.ടി.യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.ടി.ഐ./ഐ.ടി.സി.കളിൽ 11,12 തലത്തിലുള്ള ടെക്നിക്കൽ/വൊക്കേഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും www.scholarships.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം അപേക്ഷകൾ (ഫ്രഷ്, റിന്യൂവൽ) ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്ന കേരളത്തിലെ വിദ്യാർത്ഥികൾ സംസ്ഥാനതല ഓൺലൈൻ വെരിഫിക്കേഷൻ സുഗമമാക്കുന്നതിന് വേണ്ടി പ്രധാനപ്പെട്ട രേഖകൾ (ഫോട്ടോ , ആധാർ, ബാങ്ക്, പാസ് ബുക്കിന്റെ പകർപ്പ്, എസ്.എസ്.എൽ.സി.സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയവ) നിർബന്ധമായും അപ്ലോഡ് ചെയ്ത് അപേക്ഷയുടെ പ്രിന്റൗട്ട് വിദ്യാർത്ഥികൾ പഠനം നടത്തുന്ന സ്ഥാപനങ്ങളിൽ നൽകേണ്ടതാണ്.

ഇൻസ്റ്റിറ്റ്യൂഷൻ രജിസ്ട്രേഷൻ (NSP) ചെയ്യാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആയത് അടിയന്തിരമായി ചെയ്യേണ്ടതാണ്.

സ്കോളർഷിപ്പിന്റെ ഇൻസ്റ്റിറ്റ്യൂഷൻതല വെരിഫിക്കേഷൻ (വിദ്യാർത്ഥികൾ പഠനം നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അപേക്ഷകളുടെ ഓൺലൈൻ വെരിഫിക്കേഷൻ) തീയതി **2019 നവംബർ** 30-വരെയും ദീർഘിപ്പിച്ചതായും അറിയിക്കുന്നു. സ്കോളർഷിപ്പ് സംബന്ധമായ സംശയങ്ങൾക്ക് താഴെ ചേർക്കുന്ന ഫോൺനമ്പർ , ഇ-മെയിൽ ഐ.ഡി. എന്നിവ ഉപയോഗിക്കുവാനും നിർദേശിക്കുന്നു.

ഇ-മെയിൽ -postmatricscholarship@gmail.com

ഫോൺ- 9446096580, 9446780308

0471-2306580

വിശ്വസ്തതയോടെ

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

AM(1-11-2019)